SUNDAY 03.12.2023 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer’s Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)03/12/2023

1. ജനങ്ങളുമായി നേരിട്ട് സംവദിച്ച് ഭരണ പുരോഗതി വിലയിരുത്താനും ജനാഭിപ്രായം തേടാനും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിസഭയൊന്നാകെ 140 നിയോജക മണ്ഡലങ്ങളിലൂടെയുള്ള പര്യടനം നടത്തുന്നു. നവകേരള സദസ്സ് 2023 ഇന്ന് പാലക്കാട് ജില്ലയിലെ ചിറ്റൂർ, നെന്മാറ, ആലത്തൂർ, തരൂർ എന്നീ മണ്ഡലങ്ങളിൽ സംഘടിപ്പിക്കുന്നു.

2. ഉത്തരമേഖല കാർഷിക ഗവേഷണകേന്ദ്രം പിലിക്കോട്, 2024 ജനുവരി 4 മുതൽ 14 വരെ നടത്താൻ തീരുമാനിച്ചിരിക്കുന്ന "RARS ഫാം കാർണിവൽ 2024" ലേക്ക് കൃഷി, കൃഷി-അനുബന്ധ മേഖലയിലെ കർഷകരുടെ ഉൽപ്പന്ന വിപണനം എന്നിവയുടെ സ്റ്റാൾ നടത്തിപ്പിനായി താല്പര്യ പത്രം ക്ഷണിക്കുന്നു. താല്പര്യമുള്ളവർ 7558813523 / 7306234758 എന്നീ ഫോൺ നമ്പറിൽ ബന്ധപ്പെട്ട ശേഷം അപേക്ഷ പൂരിപ്പിച്ച് pranavsuresh1996@gmail.com എന്ന ഇ മെയിൽ ലേക്ക് ഡിസംബർ 11ന് 4 മണിയ്ക്ക് മുമ്പായി അയക്കേണ്ടതാണ്.

3. ജൈവകർഷകൾക്കുള്ള അക്ഷയശ്രീ അവാർഡ് 2023ന് അപേക്ഷ ക്ഷണിച്ചു. മൂന്നുവർഷത്തിനുമേൽ ജൈവ കൃഷി ചെയ്യുന്ന കേരളത്തിലെ കർഷകരെയാണ് അവാർഡിന് പരിഗണിക്കുന്നത്. സംസ്ഥാന തലത്തിൽ ഏറ്റവും നല്ല ജൈവകർഷകന് 2 ലക്ഷം രൂപയും ജില്ലാതലത്തിൽ അമ്പതിനായിരം രൂപ വീതമുള്ള 13 അവാർഡുകളും മട്ടുപ്പാവ്, സ്കൂൾ, കോളേജ് വെറ്ററൻസ്, ഔഷധസസ്യങ്ങൾ എന്നീ മേഖലകൾക്കായി പതിനായിരം രൂപ വീതമുള്ള 33 പ്രോത്സാഹന അവാർഡുകളും ഉണ്ടായിരിക്കും. അപേക്ഷകൾ 2024 ജനുവരി 31നു മുൻപായി ലഭിച്ചിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് കെ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

വി ദയാൽ, അവാർഡ് കമ്മിറ്റി കൺവീനർ, ശ്രീകോവിൽ, മുഹമ്മ പി. ഓ., ആലപ്പുഴ 688525 എന്ന വിലാസത്തിലോ 9447114526 ഫോൺ നമ്പറിലോ ബന്ധപ്പെടുക

പരിശീലന പരിപാടി

4. കോഴിക്കോട് ജില്ലയിലെ ബേപ്പൂർ നടുവട്ടത്ത് സ്ഥിതി ചെയ്യുന്ന കേരള സർക്കാർ സ്ഥാപനമായ ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് ഡിസംബർ 11 മുതൽ 21 വരെ കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളിലുള്ളവർക്ക് പാലുൽപന്ന നിർമ്മാണത്തിൽ പരിശീലന പരിപാടി നടത്തുന്നു. രജിസ്ട്രേഷൻ ഫീസ് 135 രൂപ. പരിശീലത്തിന് താല്പര്യമുള്ളവർ ഡിസംബർ ഏഴിന് വൈകുന്നേരം 5 മണിക്ക് മുൻപായി 0495 2414579 എന്ന ഫോൺ നമ്പർ മുഖാന്തിരമോ നേരിട്ടോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൺഫർമേഷൻ ലഭിച്ചവരെ മാത്രം പരിശീലനത്തിൽ പങ്കെടുപ്പിക്കുന്നതാണ്. പരിശീലന സമയത്ത് ആധാർ കാർഡിന്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്.

4. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറി പരിശീലനകേന്ദ്രത്തിൽ കർഷകർക്കായി സൗജന്യപരിശീലനം നൽകും. ഡിസംബർ 14, 15 തീയതികളിൽ പശു വളർത്തലിലും 22 ന് താറാവ് വളർത്തലിലുമാണ് പരിശീലനം. പങ്കെടുക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകും. 8590798131 നമ്പരിൽ രജിസ്റ്റർ ചെയ്തു പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0479 2457778.

5. പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന പാലക്കാട് കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ച് ഈ മാസം 4ന് (04.12.2023) രാവിലെ 10 മണി മുതൽ വൈകീട്ട് 04 മണി **വരെ തക്കാളിയിൽ നിന്നുള്ള മൂല്യവർദ്ധിത ഉത്പ്പന്നങ്ങൾ** എന്ന വിഷയത്തിൽ ഒരു പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താത്പ്പര്യമുള്ളവർ 0466 2212279, 0466 29122008, 6282937809എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

6. മലപ്പുറം ജില്ലയിലെ-ആതവനാട് മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ വച്ച് ഡിസംബർ 4, 5 തീയ്യതികളിൽ കറവപ്പശു പരിപാലനം, കാട വളർത്തൽ എന്നീ വിഷയങ്ങളിൽ സൗജന്യ പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ 0494-2962296 എന്ന നമ്പരിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

7. ICAR കൃഷി വിഗ്യാൻ കേന്ദ്രത്തിന്റെയും വെള്ളനാട് മിത്രാനികേതന്റെയും ആഭിമുഖ്യത്തിൽ **മൈക്രോഇറിഗേഷൻ** എന്ന വിഷയത്തിൽ ഒരു ഏകദിനപരിശീലനം ഡിസംബർ 11- ന് ( 11.12.23) രാവിലെ 10 മണിക്ക് സംഘടിപ്പിക്കുന്നു. രെജിസ്ട്രേഷൻ നിർബന്ധം. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി ബന്ധപ്പെടേണ്ട ഫോൺ നമ്പർ **9400288040.**

8. കേരള കാർഷിക സർവകലാശാല ആരംഭിച്ച നൂതന കോഴ്സുകളുടെ ഭാഗമായി വിജ്ഞാന വ്യാപന ഡയറക്ടറേറ്റിന് കീഴിലുള്ള മണ്ണുത്തി സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് **"വിള സുസ്ഥിരതയ്ക്കുള്ള ജൈവ ഇടപെടലുകൾ"** എന്ന വിഷയത്തിൽ 3 മാസത്തെ ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ് സംഘടിപ്പിക്കുന്നു. രജിസ്ട്രേഷൻ ഫീസ് 100 രൂപയും രജിസ്ട്രേഷൻ സ്വീകരിക്കുന്ന പക്ഷം കോഴ്സ് ഫീസ് 4000 രൂപയും അടക്കേണ്ടതാണ്. ജൈവ കൃഷിയുടെ അടിസ്ഥാന തത്വങ്ങൾ ഉൾക്കൊള്ളിച്ച് നടത്തുന്ന ഈ കോഴ്സ് പൂർത്തിയാക്കുന്നവർക്ക് ഇ-സർട്ടിഫിക്കറ്റ് നല്കുന്നതാണ്. ജൈവ ഫാമുകളിലെ ജോലിക്കും സംരംഭങ്ങൾക്കും ഈ കോഴ്സ് വഴിയൊരുക്കും. കൂടുതൽ വിവ രങ്ങൾക്ക് 0487-2371104 എന്ന ഫോൺ നമ്പരിലോ https://cti.kau.in എന്ന വെബ് സൈറ്റോ സന്ദർശിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം